'ഭരണഭാഷ- മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATMA

## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - ശ്രീ.ഗിരീശൻ.പി.എം. (ബളാൽ ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റ്)- കുടുംബശ്രീ കോഴിക്കോട് ജില്ലാ മിഷനിലെ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്രസേവനകാലാവധി- ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു..

---

തദ്ദേശ സ്വയംഭരണ(ഐ.എ.)വകുപ്പ്

സ.ഉ.(സാധാ) നം.1921/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 04/09/2019

---

പരാമർശം:- 1 10.05.2013 തീയതിയിലെ 42/13/ധന നം.സർക്കുലർ

2 28.11.2013 തീയതിയിലെ സ.ഉ(പി)നം.580/2013/ധന.

3 16/12/2017 തീയതിയിലെ സ.ഉ(സാധാ)4069/2017/തസ്വഭവ.

4 കുടുംബശ്രീ ഡയറക്ടറുടെ 28/6/2019 തീയതിയിലെ 12975/ഇ1/2017/കെ.എസ്.എച്ച്.ഒ. നമ്പർ കത്ത്.

### ഉത്തരവ്

കാസർഗോഡ് ബളാൽ ഗ്രാമപഞ്ചായത്തിൽ അക്കൗണ്ടന്റായ ശ്രീ. ഗിരീശൻ,പി.എം-നെ കുടുംബശ്രീ കോഴിക്കോട് ജില്ലാ മിഷൻ ഓഫീസിൽ, അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്ററായി അന്യത്ര സേവന വ്യവസ്ഥയിൽ പരാമർശം (3)ലെ സർക്കാർ ഉത്തരവ് പ്രകാരം നിയമിച്ചിരുന്നു.

(2) ടിയാളുടെ അന്യത്രസേവന കാലാവധി 08/02/2019 തീയതിയിൽ അവസാനിച്ച സാഹചര്യത്തിൽ 09/02/2019 തീയതി മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്രസേവനം ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശത്തിലെ കത്ത് പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് ശുപാർശ ചെയ്യുകയുണ്ടായി.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസർഗോഡ് ബളാൽ ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റായ ശ്രീ. ഗിരീശൻ പി.എം-ന്റെ കുടുംബശ്രീ കോഴിക്കോട് ജില്ലാ മിഷൻ ഓഫീസിലെ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്ര സേവനകാലം കേരള സർവ്വീസ് റൂൾ (140 സി) പ്രകാരമുള്ള മാനദണ്ഡങ്ങൾക്കും പരാമർശം (1), (2) എന്നിവയിലെ വ്യവസ്ഥകൾക്കും വിധേയമായി 09/02/2019 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
നന്ദന ആർ പി
അണ്ടർ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

ബന്ധപ്പെട്ട വ്യക്തിക്ക് (പഞ്ചായത്ത് ഡയറക്ടർ മുഖേന)

പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (എൽ.ബി.എ) കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ